**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2030** **03-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടിയിലെ വിവേചനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് ചാർജ്ജ് മെമ്മോ നൽകി മറുപടി ലഭിച്ചുകഴിഞ്ഞ ശേഷം അല്ലെങ്കിൽ നിശ്ചിത സമയം കഴിഞ്ഞു മാത്രം എൻക്വയറി ഓഫീസറെ പോസ്റ്റ് ചെയ്യുമ്പോൾ, പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് ചാർജ്ജ് മെമ്മോ നൽകുന്നതിനു മുൻപായി എൻക്വയറി ഓഫീസറെ പോസ്റ്റ് ചെയ്യുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവേചനപരമായ പ്രസ്തുത നടപടിക്രമം അവസാനിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | 1958 മുതൽ നിലവിലുള്ള കേരള പോലീസ് വകുപ്പുതല അന്വേഷണങ്ങളും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ ചട്ടം 6(3), 6(6) പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്. |
| (ബി) | അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്ക് ശിക്ഷണ അധികാരി ഒപ്പിട്ട ചാർജ്ജ് മെമ്മോ നൽകുമ്പോൾ സംസ്ഥാന പോലീസിലെ ഉദ്യോഗസ്ഥർക്ക് ശിക്ഷണ അധികാരിക്ക് പകരം എൻക്വയറി ഓഫീസർ ഒപ്പിട്ട ചാർജ്ജ് മെമ്മോ നൽകുന്നത് ചട്ടവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവേചനപരവും ചട്ടവിരുദ്ധവുമായ പ്രസ്തുത നടപടിക്രമം അവസാനിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | 1958 മുതൽ നിലവിലുള്ള കേരള പോലീസ് വകുപ്പുതല അന്വേഷണങ്ങളും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ ചട്ടം 6(3), 6(6) പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്. |
| (സി) | എല്ലാവിഭാഗം ജീവനക്കാർക്കുമെതിരായ അച്ചടക്ക നടപടികൾ ആറ് മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന നിയമവും ചട്ടവും കോടതി ഉത്തരവുകളും നിലവിലിരിക്കെ, രണ്ടു വർഷത്തിനും അതിനു മുകളിലും അച്ചടക്ക നടപടികൾ നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമയബന്ധിതമായി അച്ചടക്ക നടപടികൾ തീർപ്പാക്കാത്ത ശിക്ഷണ അധികാരികൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) | 1958-ലെ KPDIP & A ചട്ടം 6 പ്രകാരമുള്ള വകുപ്പുതല നടപടി കഴിയുന്നത്ര വേഗം നടത്തേണ്ടതാണ് എന്നാണ് നിലവിലെ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നത്. |
| (ഡി) | 2017 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ സംസ്ഥാന പോലീസിലെ എത്ര | (ഡി) | സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി അയച്ച ഫയലിന്റെ വിവരങ്ങൾ |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി സംബന്ധമായ ഫയലുകൾ സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷന് അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്നും ആയവ എന്നാണ് തിരികെ ലഭിച്ചതെന്നും വർഷം, റാങ്ക് എന്നിവ തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ; | | ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. |
| (ഇ) | സ്റ്റേറ്റ് കോൺഫിഡൻഷ്യൽ റിപ്പോർട്ടിംഗ് ആൻഡ് റിവ്യൂയിംഗ് സിസ്റ്റം (സ്കോർ) വരുന്നതിന് മുൻപ് കേരള പോലീസ് സർവീസിലുള്ള ഉദ്യോഗസ്ഥരുടെ വാർഷിക പെർഫോർമൻസ് റിപ്പോർട്ടിന്റെ (എ.പി.എ.ആർ/എ.സി.ആർ) പകർപ്പ് അതത് വർഷം നിശ്ചിത സമയ പരിധിക്കുള്ളിൽ അതത് യൂണിറ്റ് മേലധികാരികൾ മുഖേന ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | ACR കളുടെ പകർപ്പ് ഉദ്യോഗസ്ഥർക്ക് നൽകാറില്ല. അതോടൊപ്പം അർഹതപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരുടെ സ്ഥാനക്കയറ്റം യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന പോലീസ് പോലീസ് മേധാവി സ്വീകരിച്ചു വരുന്നു. |
| (എഫ്) | 2017 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ വിവിധ ജില്ലകളിൽ നിന്നും എത്ര പോലീസ് ഉദ്യോഗസ്ഥരെ വാർഷിക പെർഫോർമൻസ് റിപ്പോർട്ട് (എ.സി.ആർ) നോട്ട് ചെയ്യിക്കുന്നതിനായി തിരുവനന്തപുരം പോലീസ് ആസ്ഥാനത്തേക്ക് വിളിച്ചു വരുത്തിയിട്ടുണ്ട് എന്നുള്ള വിവരം വർഷം, റാങ്ക് എന്നിവ തിരിച്ച് ലഭ്യമാക്കാമോ; | (എഫ്) | ACR കളുടെ പകർപ്പ് ഉദ്യോഗസ്ഥർക്ക് നൽകാറില്ല. അതോടൊപ്പം അർഹതപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരുടെ സ്ഥാനക്കയറ്റം യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന പോലീസ് പോലീസ് മേധാവി സ്വീകരിച്ചു വരുന്നു. |
| (ജി) | ഇപ്രകാരം പോലീസ് ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തിയതുമൂലം യാത്രാബത്ത/ദിനബത്ത ഇനത്തിൽ എത്ര തുക 2017 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ ചെലവായി എന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ? | (ജി) | ഉദ്യോഗസ്ഥർ കൈപ്പറ്റിയ ബത്തകളുടെ കണക്കുകൾ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ